**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 835** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>നെടുമങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** നെടുമങ്ങാട് മണ്ഡലത്തിൽ മുൻസിപ്പാലിറ്റിയിലും വിവിധ പഞ്ചായത്തുകളിലുമായി നടന്നുവരുന്ന ജൽ ജീവൻ മിഷൻ, അർബൻ അഗ്ലോമറേഷൻ തുടങ്ങിയ മുഴുവൻ കുടിവെള്ള പദ്ധതികളുടെയും ഭരണാനുമതി തുകയും പൂർത്തിയായി/നടന്നു വരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതിയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

**<u>മറുപടി:</u>** നെടുമങ്ങാട് മണ്ഡലത്തിൽ മുൻസിപ്പാലിറ്റിയിലും വിവിധ പഞ്ചായത്തുകളിലുമായി നടന്നുവരുന്ന ജൽ ജീവൻ മിഷൻ, അർബൻ അഗ്ലോമറേഷൻ തുടങ്ങിയ മുഴുവൻ കുടിവെള്ള പദ്ധതികളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.

**(ബി)** നഗരസഭാ പ്രദേശത്തെ അറവലക്കുന്ന് ജി.എസ്.എൽ.ആർ. മുതൽ മേലേ തേക്കട വരെ പഴക്കം ചെന്ന എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും കരകുളം ഗ്രാമപഞ്ചായത്തിലെ വഴയില മുതൽ കെപ്കോ പമ്പ് ഹൗസ് വരെ 350 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും ടെൻഡർ ക്ഷണിച്ചോ; പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഏതെല്ലാം നടപടിക്രമങ്ങൾ പൂർത്തിയായെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നഗരസഭാപ്രദേശത്ത് അറവലക്കുന്ന് ജി.എസ്.എൽ.ആർ. മുതൽ മേലേ തേക്കട വരെയുള്ള പഴക്കം ചെന്ന AC പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് നെടുമങ്ങാട് മുൻസിപ്പാലിറ്റിയിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. തുക കൈമാറുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. കരകുളം ഗ്രാമപഞ്ചായത്തിലെ വഴയില മുതൽ കെപ്കോ പമ്പ് ഹൗസ് വരെ 350 എം.എം.ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി ജെ.ജെ.എമ്മിൽ അവാർഡ് ചെയ്തിട്ടുണ്ട്.

**(സി)** പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെങ്കിൽ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജൽ ജീവൻ മിഷനിലെ സാമ്പത്തിക പ്രതിസന്ധി കാരണം പ്രവൃത്തികൾ ആരംഭിച്ചിരുന്നില്ലെങ്കിലും ഇപ്പോൾ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കരാറുകാരൻ തയ്യാറായിട്ടുണ്ട്.

**(ഡി)** പ്രസ്തുത പ്രവൃത്തികൾ മുടങ്ങി കിടക്കുന്നത് കാരണം ടി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. കൃത്യമായ വാൽവ് കൺട്രോളിങ് മുഖേന നിശ്ചിത ദിവസത്തെ ഇടവേളകളിൽ ഈ പ്രദേശത്തിൽ കുടിവെള്ള വിതരണം നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**

## <u>അനുബന്ധം</u>

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ റിപ്പോർട്ട്.

### <u>I.നെടുമങ്ങാട് നഗരസഭ</u>

പേരുമലയിൽ സ്ഥിതി ചെയ്യുന്ന 13.75 MLD ശേഷിയുള്ള ജല ശുദ്ധീകരണ ശാലയിൽ നിന്നാണ് നെടുമങ്ങാട് മുൻസിപ്പാലിറ്റിക്കും, അനുബന്ധ പ്രദേശങ്ങളിലേയ്ക്കും കുടിവെള്ള വിതരണം നടത്തി വരുന്നത്. നെടുമങ്ങാട് മുൻസിപ്പാലിറ്റിയിൽ 39 വാർഡുകളുണ്ട്. ടേണനുസരിച്ചാണ് മുൻസിപ്പാലിറ്റിയുടെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നത്. നെടുമങ്ങാട് മുൻസിപ്പാലിറ്റിയിൽ 14,476 കുടിവെള്ള കണക്ഷനുകൾ നിലവിലുണ്ട്. കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി സ്റ്റേറ്റ് പ്ലാൻ, അമൃത് 2.0, നഗര സഞ്ചയം പദ്ധതികളിലായി വിവിധ പ്രവൃത്തികൾ നഗര സഭാ പ്രദേശത്ത് നടപ്പിലാക്കി വരുന്നു.

**1.സ്റ്റേറ്റ് പ്ലാൻ – 2022 – 23**

ഭരണാനുമതി തുക- 9.5 കോടി

1.പേരുമല പ്ലാന്റ് നവീകരണം - പൂർത്തീകരിച്ചു.

2.മുൻസിപ്പാലിറ്റി പ്രദേശത്തെ പഴയ പൈപ്പുകൾ- പൂർത്തീകരിച്ചു.

3.കളത്തറ, ശീമമുള, ഉഴപ്പാക്കോണം – 1 No.- പൂർത്തീകരിച്ചു.

4.പമ്പ്ഹൗസുകളിൽ പുതിയ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി

ഈ പ്രവൃത്തിയിൽ നെടുമങ്ങാട് ടൗണിലെയും പരിസരപ്രദേശങ്ങളിലെയും കാലപ്പഴക്കം ചെന്ന AC പൈപ്പ് ലൈനുകൾ മാറ്റി ഇടുന്നതിന് ഉദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത റോഡുകൾ എല്ലാം തന്നെ പി.ഡബ്ല്യൂ.ഡി./ കെ.ആർ.എഫ്.ബി.-യുടെ

വിപുലീകരണ പ്രവൃത്തിയിലുള്ളതുമാണ്. കേരള വാട്ടർ അതോറിറ്റി പ്രവൃത്തി ടെണ്ടർ ചെയ്തു എങ്കിലും ഓഫർ ലഭിച്ചിരുന്നില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റീടെണ്ടർ ചെയ്യേണ്ടതുണ്ട്. KRFB റോഡ് വികസനം നഗരത്തിൽ ആരംഭിച്ചിട്ടില്ല. പ്രസ്തുത റോഡ് വികസനത്തോടനുബന്ധിച്ച് മാത്രമേ ഇനി പൈപ്പ് ലൈൻ മാറ്റുവാൻ സാധിക്കൂ.

**2. അമൃത് 2.0–Ist Phase.**

ഭരണാനുമതി   തുക 10.29 കോടി

അഞ്ച് പാക്കേജുകളായി കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി ക്രമീകരിച്ചു.

അതിൽ നാല്  പാക്കേജുകൾ പൂർത്തീകരിച്ചു. നൽകിയ കണക്ഷൻ 3746 എണ്ണം.

ബൂസ്റ്റർ പമ്പുകൾ സ്ഥാപിച്ചത്  –  6 എണ്ണം

**3. അമൃത് 2.0–IInd Phase**

ഭരണാനുമതി   തുക     - 15.5 കോടി

മൂന്ന്  പാക്കേജുകൾ

1. നെടുമങ്ങാട് മുൻസിപ്പാലിറ്റി പ്രദേശത്ത് 1500 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി - പ്രവൃത്തി പുരോഗമിക്കുന്നു.1469 കണക്ഷനുകൾ നൽകിയിട്ടുണ്ട്.
2. പേരുമല പ്ലാൻറിൽ പുതിയ എയറേറ്റർ, ക്ലാറിഫയർ മുതലായവ സ്ഥാപിക്കുന്ന പ്രവൃത്തി - ആരംഭിച്ചിട്ടുണ്ട്.

3. കളത്തറ പമ്പ്ഹൗസ് മുതൽ പേരുമല പ്ലാന്റ് വരെ 600 mm DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി – കളത്തറ PH മുതൽ മഞ്ച JTS വരെ പൈപ്പ് ലയിങ് പ്രവൃത്തി പുരോഗമിക്കുന്നു

## II. കരകുളം പഞ്ചായത്ത്

തിരുവനന്തപുരം നഗരവുമായി കോർപ്പറേഷൻ അതിർത്തി പങ്കിടുന്നതും, അതിവേഗം നഗര വൽക്കരണം നടന്നു വരുന്നതുമായ പഞ്ചായത്താണ് കരകുളം ഗ്രാമപഞ്ചായത്ത്. ഈ പഞ്ചായത്തിൽ 14,247 കുടിവെള്ള കണക്ഷൻ നിലവിലുണ്ട്. കുമ്മിയിലെ 5 MLD ശേഷിയുള്ള ജല ശുദ്ധീകരണ ശാലയിൽ നിന്നാണ് കരകുളം പഞ്ചായത്തിലേക്ക് കുടിവെള്ള വിതരണം നടത്തിവരുന്നത്. രണ്ട്, മൂന്ന് ദിവസത്തെ ടേണനുസരിച്ചാണ് വിവിധ റൂട്ടുകളിൽ കുടിവെള്ള വിതരണം നടത്തി വരുന്നത്. നിലവിലെ കുടിവെള്ള വിതരണത്തിന്റെ ശേഷി ഉയർത്തേണ്ടത് ഇവിടെ അത്യാവശ്യമാണ്. ആയതിന് ജലജീവൻ മിഷൻ, Urban agglomeration എന്നീ ഹെഡുകളിൽ പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്.

**1. നഗരസഞ്ചയം 2020-21**

ഭരണാനുമതി തുക -12.29കോടി

1.മൈലാടുംപാറ-1 ലക്ഷം ലിറ്റർ ഉപരിതല സംഭരണി - പൂർത്തീകരിച്ചു

2.കല്ലയം-2 ലക്ഷം ലിറ്റർ ഉപരിതല സംഭരണി - പൂർത്തീകരിച്ചു

3.കല്ലയം-തണ്ണിർപൊയ്ക -250 mm DI വിതരണ ലൈൻ - 95% പൂർത്തിയായി

4.കെപ്കോ-കല്ലയം – 250 mm DI പമ്പിംഗ് മെയിൻ - പ്രവൃത്തി പുരോഗമിക്കുന്നു

5. വഴയില –കെപ്കോയിലെ – ബൂസ്റ്റർ പമ്പ്ഹൗസ് – പ്രവൃത്തി പുരോഗമിക്കുന്നു. 60% പൂർത്തിയായി.

6. വഴയില –കെപ്കോ – 350 DI പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി- ഈ പ്രവൃത്തി ജെ.ജെ.എമ്മിൽ ടെൻഡർ ചെയ്ത് അവാർഡ് ചെയ്തതാണ്. എന്നാൽ സാമ്പത്തിക പ്രയാസം മൂലം കരാറുകാരന് പ്രവൃത്തി തുടങ്ങാനായി സാധിച്ചിട്ടില്ല. നിലവിൽ JJM പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടർ പ്രവൃത്തി ചെയ്യുന്നതിന് തയ്യാറായി വന്നിട്ടുണ്ട്.

**2. ജലജീവൻ മിഷൻ**

ഭരണാനുമതി   തുക- 48.49 കോടി

ഭരണാനുതി ലഭിച്ച FHTC  –  7408 എണ്ണം.

നൽകിയ FHTC  -  5145  എണ്ണം.

നെടുമങ്ങാട് മണ്ഡലത്തിലെ ജല ജീവൻ മിഷൻ പ്രവർത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| Andoorkonam | 8249 | 1164 | 6678 | 3897.85 | 4324 | 5488 | 2761 |
| Karakulam | 15651 | 6914 | 7408 | 4849 | 5145 | 12059 | 3592 |
| Manickal | 11284 | 1913 | 9285 | 7756.68 | 2500 | 4413 | 6871 |
| Pothencode | 8033 | 1154 | 6624 | 4190.32 | 3758 | 4912 | 3121 |
| Vembayam | 10236 | 1464 | 9644 | 4551 | 6308 | 7772 | 2464 |
| Total | 53453 | 12609 | 39639 | 25244.85 | 22035 | 34644 | 18809 |

**III. മാണിക്കൽ, നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടി വെള്ള പദ്ധതി**

മാണിക്കൽ പഞ്ചായത്തിൽ നിലവിൽ വളരെ അധികം പഴക്കമുള്ള വാമനപുരം ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ നിന്നാണ് ജല വിതരണം നടത്തി പോരുന്നത്. മാണിക്കൽ പഞ്ചായത്തിൽ നിലവിൽ 3,538 കണക്ഷനുകളുണ്ട്. പ്രവൃത്തി പുരോഗമിക്കുന്ന മാണിക്കൽ, നെല്ലനാട് സമഗ്ര കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

നെടുമങ്ങാട് നിയേജക മണ്ഡലത്തിലുൾപ്പെട്ട മാണിക്കൽ പഞ്ചായത്തിനും, വാമനപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട നെല്ലനാട്, വാമനപുരം, പഞ്ചായത്തുകൾക്കും വേണ്ടിയുള്ള

കുടിവെള്ള പദ്ധതിയാണിത്. ഈ പദ്ധതിയ്ക്കായി ജല ജീവൻ മിഷനിലുൾപ്പെടുത്തി 118.70 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ജലവിതരണശൃംഖലകൾ എന്നിവ സ്ഥാപിക്കൽ, 3 ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, 8585 ഗാർഹിക കണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി മാണിക്കൽ പഞ്ചായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഈ പദ്ധതിയിൽ കൂറ്ററയിൽ വാമനപുരം നദിക്കു സമീപം  കിണറും പമ്പ്ഹൗസും നിർമ്മിച്ച് പമ്പ്സെറ്റുകളും സ്ഥാപിച്ച് 500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ്ലൈൻ വഴി വാമനപുരം നദിയിലെ ജലം പമ്പ് ചെയ്ത് കൈലാസംകുന്നിൽ നിർമ്മിക്കുന്ന 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല യിലെത്തിച്ച് ശുദ്ധീകരിച്ച ശേഷം നെല്ലനാട്, വാമനപുരം, മാണിക്കൽ പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന ജലസംഭരണികളിലെത്തിച്ച് ജലവിതരണശൃംഖലകൾ വഴി വിതരണം ചെയ്യുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായ പ്രധാന ഘടകങ്ങളെല്ലാം പൂർത്തിയാക്കി 15.03.2026-ൽ കമ്മീഷൻ ചെയ്തു. ഈ  പദ്ധതിയുടെ ഭാഗമായി മാണിക്കൽ പഞ്ചായത്തിലെ പ്രവൃത്തികൾ താഴെ പറയുന്നു.

മാണിക്കൽ പഞ്ചായത്തിലെ പേരയത്തുമുകളിൽ 12.5 ലക്ഷം ലിറ്ററും, വെള്ളാണിക്കൽപാറയിൽ 5.5 ലക്ഷം ലിറ്ററും, നെടുമ്പാറയിൽ 4.5 ലക്ഷം ലിറ്ററും സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം പൂർത്തിയായി. ജലവിതരണശൃംഖലകൾ സ്ഥാപിക്കുന്ന പ്രവൃത്തി 85% പൂർത്തിയായി. 8585 കുടിവെള്ള കണക്ഷനുകളാണ് ഈ പദ്ധതിയിലൂടെ മാണിക്കൽ പഞ്ചായത്തിൽ നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 5227 കുടിവെള്ള കണകക്ഷനുകൾ ഇതിനോടകം നൽകിക്കഴിഞ്ഞു.

## IV.ജലജീവൻ മിഷൻ പോത്തൻകോട് പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി

ജലജീവൻമിഷനിലുൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിലുൾപ്പെട്ട പോത്തൻകോട് പഞ്ചായത്തിൽ ജലവിതരണശൃംഖല ദീർഘിപ്പിച്ച്, കുടിവെള്ള കണക്ഷനുകൾ നൽകുന്ന പദ്ധതിയ്ക്ക് 36.40 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 100.13 കീ.മീ. ജലവിതരണശൃംഖലകൾ സ്ഥാപിക്കുകയും, 4912 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്..

## V. ജലജീവൻ മിഷൻ അണ്ടൂർക്കോണം പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി

ജലജീവൻ മിഷനിലുൾപ്പെടുത്തി  അണ്ടൂർക്കോണം പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതിയ്ക്ക് 26 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ  3 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി എന്നിവ നിർമ്മിക്കൽ, റാവാട്ടർ, ക്ലിയർവാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ, പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, കുടിവെള്ള കണക്ഷനുകൾ നൽകൽ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിരുന്നത്. ഇത് രണ്ടു പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. ഒന്നാമത്തെ പാക്കേജിലുൾപ്പെട്ട ജലശുദ്ധീകരണശാല, ഉപരിതല ജല സംഭരണി, റാവാട്ടർ, ക്ലിയർവാട്ടർ പമ്പിംഗ് മെയിൻ, പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമർ തുടങ്ങിയവ ഉൾപ്പെട്ട പ്രവൃത്തിയുടെ കരാർ നൽകി പ്രവൃത്തികൾ ആരംഭിച്ചെങ്കിലും, ആനതാഴ്ച്ചിറയ്ക്കു സമീപം ജലശുദ്ധീകരണ ശാല നിർമ്മിച്ചാൽ സമീപപ്രദേശങ്ങളിലെ കിണറുകളിൽ ജലനിരപ്പ്

താഴുകയും, ജലക്ഷാമമുണ്ടാകുകയും ചെയ്യുമെന്ന ഭൂജല വകുപ്പിന്‌റെ  പഠന റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ജലശുദ്ധീകരണശാലയുടെ നിർമ്മാണം ഉപേക്ഷിക്കുകയും, പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ടെക്നോസിറ്റി പരിസരത്ത് നിർമ്മാണം പുരോഗമിക്കുന്ന 10 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജല സംഭരണിയിലേയ്ക്ക് മറ്റൊരു സ്രോതസ്സിൽ നിന്നും ശുദ്ധജലം എത്തിക്കുന്ന തരത്തിൽ പദ്ധതിയിൽ മാറ്റം വരുത്തുകയും ചെയ്തു. രണ്ടാമത്തെ പാക്കേജിലുൾപ്പെട്ട ജലവിതരണശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികളിൽ 19.87 കി.മീ. ജലവിതരണശൃംഖല സ്ഥാപിച്ച് 5488 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ആദ്യഘട്ട പദ്ധതിയുടെ ഭാഗമായി പള്ളിപ്പുറം ടെക്നോസിറ്റി പരിസരത്ത് 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണിയുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

**<u>VI.വെമ്പായം, പനവൂർ, പുല്ലമ്പാറ പഞ്ചായത്തുകൾക്കു   വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി</u>**

നെടുമങ്ങാട് നിയോജക മണ്ഡലത്തിലുൾപ്പെട്ട വെമ്പായം പഞ്ചായത്തിനും, വാമനപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട പനവൂർ, പുല്ലമ്പാറ ഗ്രാമപഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയാണിത്. നിലവിൽ ഈ മൂന്നു പഞ്ചായത്തുകളിലും ശുദ്ധജലമെത്തിക്കുന്നത് കല്ലറ പഞ്ചായത്തിലെ തെങ്ങുംകോട് സ്ഥിതിചെയ്യുന്ന 10 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ നിന്നുമാണ്. പ്രസ്തുത ജലശുദ്ധീകരണശാലയിൽ നിന്നും കല്ലറ, പാങ്ങോട് പഞ്ചായത്തുകൾക്കുകൂടി ശുദ്ധജലവിതരണം നടത്തുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയോജിത പദ്ധതിയായ ജലജീവൻ

മിഷൻ വഴി എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലമെത്തിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ അഞ്ചു പഞ്ചായത്തുകളിലും ശുദ്ധജലമെത്തിക്കുവാൻ നിലവിലുള്ള ജലശുദ്ധീകരണശാല പര്യാപ്തമല്ല. ആയതിനാൽ പനവൂർ, പുല്ലമ്പാറ, വെമ്പായം പഞ്ചായത്തുകൾക്കു വേണ്ടി പുതിയൊരു പദ്ധതി വിഭാവനം ചെയ്യുകയും ജലജീവൻ മിഷൻ വഴി 69.21 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാവുകയും ചെയ്തു.

വെമ്പായം പഞ്ചായത്തിലെ ചീരാണിക്കര വാർഡിൽ ബാലൻവിളാകത്ത് 12 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെയും, 7 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള സംപിന്റെയും, കൊടിതുക്കിക്കുന്നിൽ 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതലജല സംഭരണിയുടെയും, ദേവിനഗറിൽ 2 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെയും നിർമ്മാണവും, റാവാട്ടർ - ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനുകൾ, പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കലും, മറ്റ് ഇലക്ട്രിക്കൽ പ്രവൃത്തികളും, ജല വിതരണശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികളും ഉൾപ്പെടുന്നു. നിലവിലുള്ള കുടിവെള്ള കണക്ഷനുകൾ കൂടാതെ വെമ്പായം പഞ്ചായത്തിൽ 7772 കുടിവെള്ള കണക്ഷനുകളും, പനവൂർ പഞ്ചായത്തിൽ 5965 കുടിവെള്ള കണക്ഷനുകളും, പുല്ലമ്പാറ പഞ്ചായത്തിൽ 6076 കുടിവെള്ള കണക്ഷനുകളും നൽകിക്കൊണ്ട് മേൽപ്പറഞ്ഞ മൂന്നു പഞ്ചായത്തിലെയും എല്ലാ പ്രദേശത്തും കുടിവെള്ളമെത്തിക്കുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ഇതിൽ ജലശുദ്ധീകരണശാല, റാവാട്ടർ പമ്പിംഗ് മെയിൻ, റാവാട്ടർ പമ്പ്ഹൗസിൽ പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, പമ്പ്ഹൗസിനടുത്ത്

സബ്സ്റ്റേഷൻ കെട്ടിടത്തിന്റെ  നിർമ്മാണം എന്നിവയാണ്  നടപ്പിലാക്കുന്നത്. പ്രവർത്തികളുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വെമ്പായം ഗ്രാമ പഞ്ചായത്തിലേയ്ക്ക് കുടിവെള്ള വിതരണം നടത്തിവരുന്നത് CWSS to കല്ലറ, പാങ്ങോട്, പനവൂർ, പുല്ലമ്പാറ & വെമ്പായം പദ്ധതിയിൽ നിന്നുമാണ്. വെമ്പായം പഞ്ചായത്തിൽ 6,191 കണക്ഷനുകൾ നിലവിലുണ്ട്. പനവൂർ, പുല്ലമ്പാറ, വെമ്പായം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള 15 MLD സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ  തുടങ്ങിയിട്ടുണ്ട്.

വിശ്വസ്തതയോടെ,

ചീഫ് എ ◌ിനീയർ